**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1941** **20-01-2021 - ൽ മറുപടിയ്ക്ക്**

**ലോക കേരളസഭയുടെ റീജിയണൽ മീറ്റിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി .ഡി. സതീശൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | 2019-ൽ ലോക കേരള സഭയുടെ റീജിയണൽ മീറ്റിംഗ് ദുബായിൽ വച്ച് നടത്തിയിരുന്നോ; പ്രസ്തുത മീറ്റിംഗിൽ സംസ്ഥാനത്ത് നിന്നുള്ള എത്ര ഉദ്യോഗസ്ഥർ പങ്കെടുത്തുവെന്ന് വെളിപ്പെടുത്താമോ; | (എ) | നടത്തിയിരുന്നു. 2019-ൽ ദുബായിൽ വച്ച് നടന്ന ലോക കേരള സഭയുടെ റീജിയണൽ മീറ്റിംഗിൽ 3 ഉദ്യോഗസ്ഥർ പങ്കെടുത്തു. |
| (ബി) | ഇവർക്കായുള്ള വിമാന ടിക്കറ്റ്, വിസ, ഡി.എ., താമസചെലവ്, ഭക്ഷണം എന്നീ ഇനങ്ങളിൽ സർക്കാരിന് എന്ത് തുക ചെലവായെന്ന് അറിയിക്കാമോ; | (ബി) | പ്രസ്തുത ഉദ്യോഗസ്ഥരുടെ വിമാന ടിക്കറ്റ്, വിസ എന്നിവയ്ക്കായി 3,39,154/- രൂപയും (മൂന്നു ലക്ഷത്തി മുപ്പത്തൊമ്പതിനായിരത്തി ഒരുന്നൂറ്റി അൻപത്തിനാല് രൂപ മാത്രം), ഡി.എ. ഇനത്തിൽ 1,17,678/- രൂപയും (ഒരു ലക്ഷത്തി പതിനേഴായിരത്തി അറുന്നൂറ്റി എഴുപത്തിയെട്ട് രൂപ മാത്രം) താമസത്തിനും ഭക്ഷണത്തിനുമായി 16,768.7 aed (യു.എ.ഇ. ദിനാർ) യും ചെലവായിട്ടുണ്ട്. |
| (സി) | റീജിയണൽ മീറ്റിംഗിന്റെ മുന്നോടിയായി നോർക്കയിലെ ഉദ്യോഗസ്ഥർ ദുബായ് സന്ദർശിച്ചിരുന്നോ; എങ്കിൽ എത്ര പേരെന്നും അവരുടെ വിമാന ടിക്കറ്റ്, വിസ, ഡി.എ., താമസചെലവ്, ഭക്ഷണം എന്നീ ഇനങ്ങളിൽ എന്ത് തുക ചെലവായെന്നും വ്യക്തമാക്കാമോ? | (സി) | കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് ചെയർമാനും, നോർക്ക റൂട്ട്സ് റസിഡന്റ് വൈസ് ചെയർമാനും, നോർക്കയിലെ രണ്ട് ഉദ്യോഗസ്ഥരും റീജിയണൽ മീറ്റിംഗിന്റെ മുന്നോടിയായി പ്രിപ്പറേറ്ററി മീറ്റിംഗിനായി ദുബായ് സന്ദർശിച്ചിരുന്നു. ഇവരുടെ വിമാന ടിക്കറ്റ്, വിസ എന്നിവയ്ക്കായി 2,57,263/- രൂപയും (രണ്ട് ലക്ഷത്തി അൻപത്തി ഏഴായിരത്തി ഇരുന്നൂറ്റി അറുപത്തി മൂന്ന് രൂപ മാത്രം), ഡി.എ. ഇനത്തിൽ 1,71,864/- രൂപയും (ഒരു ലക്ഷത്തി എഴുപത്തിയൊന്നായിരത്തി എണ്ണൂറ്റി അറുപത്തിനാല് രൂപ മാത്രം) ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ